# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1179** 13.12.2012 ൽ മറുപടിക്ക്

**<u>സർട്ടിഫിക്കറ്റ് റദ്ദു ചെയ്യാനുള്ള നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2005-ൽ നടത്തിയ ഏഴാം തരം തുല്യതാ പരീക്ഷ എഴുതാതെ മുൻ ഡയറക്ടർ ഡോ.എൻ.ജയദേവൻ ഒപ്പിട്ട സർട്ടിഫിക്കറ്റ് ആരെങ്കിലും കരസ്ഥമാക്കിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടില്ല. |
| (ബി) | പരീക്ഷ എഴുതാതെ മുൻ ഡയറക്ടറുടെ ഒപ്പിട്ട സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയത് ആരാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രീമതി.ദിൽഷ എം.എസ്, സുജിത്ത് ഭവനം, പടിഞ്ഞാറ്റിൻകര, തേവലക്കര, കൊല്ലം ജില്ല. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇക്കാര്യത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ അന്വേഷണം നടത്തിവരുന്നു. |
| (ഡി) | ഏഴാം തരം പരീക്ഷയെഴുതാതെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ വ്യക്തി അതിന്റെ അടിസ്ഥാനത്തിൽ പത്താംതരം തുല്യതാ കോഴ്സിൽ ചേർന്ന് പരീക്ഷയെഴുതി വിജയിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പരീക്ഷയെഴുതാതെ കരസ്ഥമാക്കിയ ഏഴാം തരം സർട്ടിഫിക്കറ്റും അതുപയോഗിച്ച് എഴുതിയ പത്താംതരം സർട്ടിഫിക്കറ്റും റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന വിശദമായ അന്വേഷണത്തിന്റെയും പോലീസ് അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർട്ടിക്കറ്റുകൾ റദ്ദാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ